ശ്രീമതി രാധാരാഘവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കയർ വ്യവസായത്തിലെ മിനിമം വേതനം ഏറ്റവും ഒടുവിൽ നിർണ്ണയിച്ചതെന്നാണ്;

(ബി) അതനുസരിച്ച് കയർ വ്യവസായത്തിലെ കുറഞ്ഞ കൂലി എത്രയെന്ന് അറിയിക്കുമോ:

(സി) ഈ കൂലി കയർ സഹകരണ സംഘങ്ങളും സ്വകാര്യ കയർ ഉൽപാദകരും നൽകിവരുന്നുണ്ടോ:

(ഡി) ഇല്ലെങ്കിൽ ഇവർ ഇപ്പോൾ കൊടുക്കുന്ന കൂലി എത്രയാണ്;

(ഇ) നിർണ്ണയിക്കപ്പെട്ട കുറഞ്ഞ കൂലി തൊഴിലാളികൾക്ക് ലഭിക്കുവാൻ എന്തെല്ലാം നടപടികളെടുത്തിട്ടുണ്ട് എന്നും ഇതിന്റെ ഫലം എന്തെന്നും വിശദമാക്കുമോ?

ഉത്തരം

(എ) 1990-ലാണ് കയർ വ്യവസായത്തിലെ മിനിമം വേതനം ഏറ്റവും ഒടുവിൽ നിർണ്ണയിച്ചത്.

(ബി) 1990-ൽ പുതുക്കി നിശ്ചയിച്ച കയർ വ്യവസായ മേഖലയിലെ മിനിമം വേതനം സംബന്ധിച്ച ഉത്തരവ് അനുബന്ധമായി ചേർത്തിട്ടുണ്ട്.†

(സി) ഇല്ല.

(ഡി) സഹകരണ മേഖലയിലേയും സ്വകാര്യ മേഖലയിലേയും കയർ തൊഴിലാളികളുടെ പ്രതിനിധികളും തൊഴിൽ ഉടമകളും സംയുക്തമായി ചർച്ച ചെയ്തു തീരുമാനിച്ചിട്ടുള്ള ''എഗ്രീഡ് വേജസ്'' ആണ് ഇപ്പോൾ നൽകിവരുന്നത്.

(ഇ) തൊഴിൽ ഉടമകളും, തൊഴിലാളി പ്രതിനിധികളുമായി 1997-ലും 1999-ലും നടത്തിയ ചർച്ചകളുടെ ഫലമായി പ്രതിദിനം ഒരു തൊഴിലാളിക്ക് 21 രൂപയുടെ വർദ്ധനവ് ഉണ്ടാക്കിക്കൊടുക്കുവാൻ കഴിഞ്ഞിട്ടുണ്ട്. പിരി മേഖലയിലെ ഉൽപാദനക്ഷമത വർദ്ധിപ്പിക്കുന്നതിന് യന്ത്രവൽക്കരണം പരമാവധി പ്രോത്സാഹിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. കയർ യാൺ ഉപയോഗിച്ച് മൂല്യ വർദ്ധനവുള്ള കയറുൽപ്പന്നങ്ങൾ നിർമ്മിക്കുന്ന ധാരാളം യൂണിറ്റുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്.

41 (1267) കയർഫെഡ് എം.ഡി. യുടെ നിയമനം

ശ്രീ. ടി.എം. ജേക്കബ് :
ശ്രീ. ജോണി നെല്ലൂർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കയർഫെഡിൽ മാനേജിംഗ് ഡയറക്ടർ തസ്തികയിലേക്ക് നിയമിക്കേണ്ട ആളിന് എന്തെല്ലാം യോഗ്യതകളാണ് നിഷ്കർഷിച്ചിട്ടുള്ളത്;

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) പുതിയതായി എം.ഡി. തസ്തികയിൽ നിയമിക്കപ്പെട്ടിട്ടുള്ള ആളിന് എന്തൊക്കെ യോഗ്യതകളാണുള്ളത്; ഇദ്ദേഹത്തിന്റെ നിയമന ഉത്തരവ് മേശപ്പുറത്തു വയ്ക്കുമോ;

(സി) എന്തൊക്കെ യോഗ്യതാ നിയമങ്ങൾ ഇളവു ചെയ്താണ് പുതിയ എം.ഡി. യെ നിയമിച്ചത് എന്ന് അറിയിക്കുമോ?

ഉത്തരം

(എ) കയർഫെഡിന്റെ നിയമാവലി അനുശാസിക്കുന്നത് സർക്കാർ അംഗീകാരത്തോടെ മാനേജിംഗ് ഡയറക്ടറെ നിയമിക്കണമെന്നു മാത്രമാണ്. യോഗ്യത എന്തായിരിക്കണമെന്ന് പ്രത്യേകിച്ച് നിഷ്ക്കർഷിച്ചിട്ടില്ല.

(ബി) ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ മാനേജിംഗ് ഡയറക്ടറായി നിയമിക്കപ്പെട്ട ശ്രീ. വി.എ. അരുൺകുമാറിന്റെ യോഗ്യത എം.സി.എ. യും അഞ്ചു വർഷത്തെ മാനേജീരിയൽ തലത്തിലുള്ള പ്രവൃത്തി പരിചയവുമാണ്. നിയമന ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി വച്ചിട്ടുണ്ട്.†

(സി) 'എ' യുടെ ഉത്തരത്തിന്റെ വെളിച്ചത്തിൽ ചോദ്യം ഉദിക്കുന്നില്ല.

42 (1268) കൈത്തറി/ഖാദി മേഖലയിലെ മില്ലുകളുടെ എണ്ണം

ശ്രീ. എൻ.ആർ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൈത്തറി/ഖാദി മേഖലയിലല്ലാതെ കേരളത്തിൽ എത്ര ടെക്സ്റ്റൈൽ മില്ലുകൾ ഉണ്ട്.

(ബി) എൻ.ടി.സി. യുടെ കീഴിൽ വരുന്ന മില്ലുകൾ എത്രയെണ്ണം ഉണ്ട്; ഏതൊക്കെ;

(സി) കഴിഞ്ഞ മൂന്നു വർഷക്കാലത്തെ ഈ മില്ലുകളിലെ മൊത്തം ഉൽപ്പാദനം വർഷം തിരിച്ച് വിശദമാക്കുമോ;

(ഡി) ഇത് ദേശീയ തുണി ഉൽപ്പാദനത്തിന്റെ എത്ര ശതമാനം വരുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) മുപ്പത്തിമൂന്ന്.

(ബി) എൻ.ടി.സി. യുടെ കീഴിൽ 5 മില്ലുകൾ ഉണ്ട്.

1. വിജയമോഹിനി മിൽസ്, തിരുവനന്തപുരം
2. അളഗപ്പ ടെക്സ്റ്റൈൽസ്, തൃശ്ശൂർ
3. പാർവ്വതിമിൽസ്, കൊല്ലം
4. കേരള ലക്ഷ്മി മിൽസ്, തൃശ്ശൂർ
5. കണ്ണൂർ സ്പിന്നിംഗ് ആന്റ് വീവിംഗ് മിൽസ്, കണ്ണൂർ.

(സി) എൻ.ടി.സി. യുടെ കീഴിലുള്ള മില്ലുകളുടെയും സ്വകാര്യ മേഖലയിലുമുള്ള സ്പിന്നിംഗ് മില്ലുകളുടെയും വിവരം ലഭ്യമല്ല.

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

362/2010.

LIBRARY ARCHIVES Kerala Legislative Assembly